LIBRARY ARCHIVES Kerala Legislative Assembly

പി. കെ. കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന്റെ പ്രവർത്തനങ്ങൾ

288 (953) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും 80% സീറ്റുകൾ പട്ടിക വിഭാഗങ്ങൾക്കായി സംവരണം ചെയ്തതുമായ വയനാട്ടിലെ പി. കെ. കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പട്ടികജാതി വിഭാഗത്തിനായി ഇത്തരത്തിൽ എന്തെങ്കിലും സംരംഭം ആരംഭിക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കോളേജ് ഓഫ് അപ്ലൈഡ് സയൻസസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള റിവ്യൂ കമ്മിറ്റി പി. കെ. കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ടി സ്ഥാപനം ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ 2008-ലാണ് പ്രവർത്തനം ആരംഭിച്ചത്. പ്രസ്തുത സ്ഥാപനത്തിൽ ബി.എസ്.സി. ഇലക്ട്രോണിക്സ്, ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകളാണുള്ളത്. ടി കോഴ്സുകൾക്കെല്ലാംതന്നെ 50% എസ്.റ്റി., 30% എസ്.സി. വിഭാഗങ്ങൾക്കാണ് പ്രവേശനം നൽകുന്നത്. സ്ഥാപനത്തിന് സ്വന്തമായി ഹോസ്റ്റൽ സൗകര്യമില്ല.

(ബി) പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് പാലക്കാട് മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടെ 70% സീറ്റുകൾ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുണ്ട്.

കെ.എച്ച്.എസ്. ഗുരുമന്ദിരം റോഡിൽ വൈദ്യുതി ലൈൻ

289 (954) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം മണ്ഡലത്തിൽ നഗരസഭ വാർഡ് 18-ൽ പട്ടികജാതി കുടുംബങ്ങൾ ഏറെ താമസിക്കുന്ന കെ.എച്ച്.എസ്. ഗുരുമന്ദിരം റോഡിൽ പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് വൈദ്യുതിലൈൻ വലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?